**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4586** **10-08-2021 - ൽ മറുപടിയ്ക്ക്**

**വയോധികരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വയോധികരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കോവിഡ് മഹാമാരിയും റിവേഴ്സ് ലോക്ക്ഡൗണും കാരണം വീടുകളിൽ നിന്നും പുറത്തിറങ്ങാനാകാത്ത സാഹചര്യത്തിൽ വയോധികരുടെ ആരോഗ്യം സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1. ഗ്രാന്റ് കെയർ പദ്ധതി :- സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കൊവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിൽ ഉള്ള വയോജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനു വയോജന സെല്ലിനോട് അനുബന്ധിച്ച് 14 ജില്ലകളിലും വയോജന കോൾസെന്റർ ആരംഭിച്ച പദ്ധതിയാണ് ഗ്രാന്റ് കെയർ പദ്ധതി. ഇതു മുഖേന വിവിധ സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് ആയതു നൽകി വരുന്നു. കോവിഡ്-19 ന്റെ ആദ്യ ഘട്ട വ്യാപനത്തെ തുടർന്ന് മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി KSSM മുഖേന നടപ്പാക്കുന്ന "വയോമിത്രം" പദ്ധതിയിലൂടെ റിവേഴ്സ് ക്വാറന്റൈൻ സെന്ററുകൾ ആരംഭിച്ച് സേവനം നൽകിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ യഥാസമയം വീടുകളിൽ എത്തിച്ച് നൽകുകയും അത്യാവശ്യ സന്ദർഭങ്ങളിൽ ടെലികോളിംഗ് ഫെസിലിറ്റി മുഖേന വേണ്ട സേവനവും നല്കിയിരുന്നു. സർക്കാർ വൃദ്ധമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ആവശ്യമായ മരുന്ന്, കൗൺസിലിംഗ് എന്നിവ ഗ്രാന്റ് കെയർ പദ്ധതിയുടെ ഭാഗമായി വയോമിത്രം ജീവനക്കാരെ, ഉപയോഗപ്പെടുത്തി സംഘടിപ്പിച്ചിട്ടുണ്ട്. 2. വയോപോഷണം:- കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ വരുത്തുന്നതിനും പോഷകാഹാര ലഭ്യതക്കുമായി ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെട്ടുത്തിയ കിറ്റാണ് പദ്ധതി പ്രകാരം സായംപ്രഭ ഹോമുകളിലൂടെ വിതരണം ചെയ്യുന്നത്. |
| (സി) | സംസ്ഥാന ജനസംഖ്യയിൽ വയോധികരുടെ ശതമാനം കൂടിവരുന്ന സാഹചര്യത്തിൽ ജെറിയാട്രിക്സിന് പ്രാധാന്യം നൽകി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ; | (സി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | വയോധികർക്ക് ആവശ്യമായ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യ ഘട്ടമായി മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ, CMDRF സഹായം, ജീവൻ രക്ഷാ മരുന്ന് എന്നിവ വീട്ടു പടിക്കൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീട്ടു പടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ രണ്ടാം ഘട്ടത്തിൽ സാമൂഹ്യ നീതി വകുപ്പിലൂടെ വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും നൽകുന്ന വ്യക്തിഗത സേവനങ്ങൾ പഞ്ചായത്തുകൾ നിയോഗിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ അർഹരായ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം I**</u>

<u>**വയോധികരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ**</u>

1. <u>**ഗ്രാന്റ് കെയർ – വയോജന കോൾ സെന്റർ**</u> – സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിൽ ഉള്ള വയോജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനു വയോജന സെല്ലിനോട് അനുബന്ധിച്ച് 14 ജില്ലകളിലും വയോജനകോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതു മുഖേന വിവിധ സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് ആയതു നൽകി വരുന്നു.
2. <u>**സെക്കന്റ് ഇന്നിംഗ്സ്**</u> :- വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കണ്ണൂർ വൃദ്ധസദനത്തിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി പിന്നീട് കൊല്ലം, തവനൂർ വൃദ്ധസദനങ്ങളിൽ കൂടി നടപ്പിലാക്കിവരുന്നു.
3. <u>**വയോമധുരം**</u>:- ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വൃദ്ധ ജനങ്ങൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോമധുരം. ഒരു ജില്ലയിൽ കുറഞ്ഞത് 1000 പേർക്ക് ഗുണഫലം കിട്ടുന്ന രീതിയിൽ ആണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.
4. <u>**മന്ദഹാസം**</u> :- വൃദ്ധജനങ്ങൾക്ക് കൃത്രിമ ദന്ത നിര വെച്ചു നൽകുക എന്നതാണ് മന്ദഹാസം പദ്ധതി ലക്ഷ്യം വെക്കുന്നത്. ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട മുതിർന്ന പൗരന്മാർ ആണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഒരു ഗുണഭോക്താവിന് 5000 രൂപയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആണ് ടി പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.
5. <u>**വയോ അമൃതം**</u> :- ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലും അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നു.
6. <u>**മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം**</u> :- മാതാപിതാ-ക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും, ക്ഷേമവും സംബന്ധിച്ച നിയമം – 2007 ഉം അനുബന്ധ ചട്ടങ്ങളും വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നു. നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ജില്ലാ കളക്ടർമാർക്കും 27 RDO മാർക്കും 14 ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രിബ്യൂണലുകളിലും RDO മാരെ സഹായിക്കുന്നതിനു ടെക്നിക്കൽ അസിസ്റ്റന്റുമാരെയും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്ററെയും നിയമിക്കുകയും

ട്രൈബ്യൂണലുകൾ മുഖാന്തിരം വയോജനങ്ങൾ സമർപ്പിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തുവരുന്നു.

7. **<u>സായംപ്രഭാ ഹോം</u>** :- പകൽ വീടുകളെ സായംപ്രഭാ ഹോമുകളാക്കി അപ് ഗ്രേഡ് ചെയ്തുകൊണ്ടുള്ള വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
8. **<u>മാതൃകാ സായംപ്രഭാ ഹോം</u>** :- വയോജനങ്ങളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായുള്ള വിവിധ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടുള്ള മാതൃകാ സായംപ്രഭാ ഹോമുകൾ കോഴിക്കോട് ജില്ലയിലെ ചെങ്കോട്ടുകാവ് പഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭ എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.
9. **<u>'സായന്തനം' വയോജന പാർക്ക്</u>**:- പൂർണ്ണമായും വയോജന സൗഹൃദമായ പാർക്ക് എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു.
10. **<u>തെരുവ് വെളിച്ചം പദ്ധതി</u>**:- തെരുവിൽ ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾ ഉൾപ്പെടെയുള്ളവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി എറണാകുളം ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. വയോജന സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രപദ്ധതിയാണ് നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺസ് (NAPSrC). വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണിത്. വയോജനങ്ങളുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യ സംരക്ഷണം, അഭയവും സംരക്ഷണവും തുടങ്ങിയ വിവിധ മേഖലകളെ അടിസ്ഥാനമാക്കി സംസ്ഥാനം തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ NAPSrC പദ്ധതി പ്രകാരം നടന്നുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്കുള്ള ഭക്ഷ്യക്കിറ്റ് വിതരണം, വയോജന സേവന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ആദരിക്കൽ, വിവിധ ബോധവല്ക്കരണ പ്രവർത്തനങ്ങൾ, വയോജന മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിസർച്ച് എന്നിവ നിലവിൽ നടത്തിവരുന്നു.
11. **വയോമിത്രം പദ്ധതി** :- സംസ്ഥാനത്ത് വയോജനക്ഷേമ രംഗത്ത് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും നൽകുകയെന്ന ലക്ഷ്യത്തോടുകൂടി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. 65 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് കെയർ ആംബുലൻസ് സൗകര്യം, ഹെൽപ്പ്ഡെസ്ക്ക് എന്നീ സൗകര്യങ്ങൾ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ഉതകുന്ന 110-ഓളം മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ നൽകി വരുന്നു. നിലവിൽ സംസ്ഥാനത്തെ 85 നഗര സഭകളിലും, 6 കോർപ്പറേഷനുകളിലും, 5 ബ്ലോക്കിലും പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

## അനുബന്ധം II

1. സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും ഒറ്റപ്പെട്ടുപോയവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോടെ 2021-22 സാമ്പത്തിക വർഷം വയോരക്ഷ എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
2. 80 വയസ്സിനു മുകളിൽ പ്രായമായവരുടേയും അൽഷിമേഴ്സ് രോഗികളുടെയും പരിചരണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ഡിമെൻഷ്യാ കെയർ സെന്റർ ആരംഭിക്കുന്നതിനു പദ്ധതി തയ്യാറാക്കി വരുന്നു.
3. COVID 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ സംരക്ഷണം മുൻനിർത്തി സായംപ്രഭാ ഹോം പകൽ വീട് പദ്ധതി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെയർ ഗിവർമാരുടെ സേവനം കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് ഭക്ഷണം നൽകൽ, യോഗ മെഡിറ്റേഷൻ, ടെലി കൗൺസിലിംഗ്, മെഡിസിൻ വിതരണം, വിനോദോപാധികൾ തുടങ്ങി പലവിധ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് നൽകുവാൻ നടപ്പുവർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.
4. COVID 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് ഭക്ഷ്യകിറ്റ് അനുവദിച്ചുവരുന്നു.
5. വയോജനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഹെല്പ് ലൈൻ ക്രമീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു.
6. വയോജന മേഖലയിലെ സന്നദ്ധ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന സംഘടനയ്ക്ക് അവാർഡ് നൽകുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.